**ഗ്രാമ ന്യായാലയം, ഇരിക്കൂർ.**
**സാന്നിദ്ധ്യം: ശ്രീ ശ്രീജയൻ വി, ന്യായാധികാരി, ഇരിക്കൂർ.**
**തീയ്യതി 2026 മാർച്ച് 30 (ചൈത്രം 09)**

**കലണ്ടർ കേസ് നമ്പർ 01/2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | സ്റ്റേഷൻ ഹൗസ് ഓഫീസർ,<br>ഇരിക്കൂർ പോലീസ് സ്റ്റേഷൻ.<br>ക്രൈം നമ്പർ 1182/2023<br>(കേരള സർക്കാറിനു വേണ്ടി)<br>(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ അബ്ദുൽ സത്താർ വി പി) |
| പ്രതികൾ | : | 1. ഷിബു ജോൺ ടി ജെ , S /o ജോണി ടി എം , വയസ്സ് 38, തലയോടിൽ ഹൗസ് ,പടിയൂർ അംശം വള്ളിത്തല , കണ്ണൂർ<br>2. അനീഷ് കെ, S/o സദാനന്ദൻ കെ ഡി , വയസ്സ് 42, കൈമൂലയിൽ ഹൗസ് , പടിയൂർ അംശം വള്ളിത്തല , കണ്ണൂർ<br>3.നിഖിൽ മോഹൻ, S/o മോഹനൻ, വയസ്സ് 32, കുന്നുമ്മൽ ഹൗസ് , പടിയൂർ അംശം വള്ളിത്തല , കണ്ണൂർ<br>(അഡ്വക്കേറ്റ് ശ്രീ കെ പി മുഹമ്മദ് ബഷീർ ) |
| ചാർജ് | : | ഇന്ത്യൻ ശിക്ഷാനിയമം 341,323,294(b),34 IPC വകുപ്പ് |
| വാദം | : | കുറ്റക്കാരല്ല |
| കണ്ടെത്തൽ | : | കുറ്റക്കാരല്ല |
| ശിക്ഷ/ഉത്തരവ് | : | ഈ കേസിലെ പ്രതികളെ Section 255 (1), The Code of Criminal Procedure, 1973 പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

<u>പ്രതികളെ കുറിച്ചുള്ള വിവരണം</u>

| ക്രമ നമ്പർ | പ്രതികളുടെ പേര് | വയസ്സ് | അച്ഛന്റെ /ഭർത്താവിന്റെ പേര് | പ്രവർത്തി | വിലാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഷിബു ജോൺ ടി ജെ | 38 | ജോണി ടി എം | | തലയോടിൽ ഹൗസ് ,പടിയൂർ അംശം വള്ളിത്തല , കണ്ണൂർ |
| 2 | അനീഷ് കെ | 42 | സദാനന്ദൻ കെ ഡി | | കൈമൂലയിൽ ഹൗസ് , പടിയൂർ അംശം വള്ളിത്തല , കണ്ണൂർ |
| 3 | നിഖിൽ മോഹൻ | 32 | മോഹനൻ | | കുന്നുമ്മൽ ഹൗസ് , പടിയൂർ അംശം വള്ളിത്തല , കണ്ണൂർ |

സംഭവം നടന്ന തീയ്യതി : 15.12.2023

പരാതി കൊടുത്ത തീയ്യതി : 16.12.2023

അറസ്റ്റ് ചെയ്ത തീയ്യതി :

ജാമ്യത്തിൽ വിട്ട തീയ്യതി :

വിചാരണ തുടങ്ങിയ തീയ്യതി : 19.04.2024

വിചാരണ അവസാനിച്ച തീയ്യതി : 21.03.2026

വിധി തീയ്യതി : 30.03.2026

## വിധിന്യായം

1. പ്രോസിക്യൂഷൻ കേസിന്റെ സാരാംശം ഇപ്രകാരം ആണ്. 2023 ഡിസംബർ മാസം 15-ാം തീയതി വൈകുന്നേരം 6.15 മണിക്ക് പടിയൂർ അംശം, മാങ്കുഴി, നാത്താൻപടി എന്ന സ്ഥലത്ത് റോഡരികിൽ വെച്ച് ഒന്നാം സാക്ഷി ടിയാന്റെ KL 58 T 69 92 നമ്പർ ഓട്ടോറിക്ഷയിൽ കല്യാണ വീട്ടിലേക്ക് ട്രിപ്പ് പോകവേ വാഹനം കേടായതിനാൽ നിർത്തി, പുറത്തിറങ്ങി തകരാർ പരിശോധിക്കവേ,

അതുവഴി കാറിൽ വന്ന 1 മുതൽ 3 കൂടിയ പ്രതികൾ വാഹനം റോഡിൽ നിർത്തിയതിലുള്ള വിരോധം വെച്ച് 1-ാം പ്രതി "പട്ടി പൂറി മോനെ "എന്ന് ചീത്ത വിളിച്ചു കൊണ്ട് മുഖത്ത് കൈകൊണ്ട് അടിച്ചും, രണ്ടാം പ്രതി കഴുത്തിന് പിടിച്ച് തടഞ്ഞു നിർത്തിയും, മൂന്നാം പ്രതി പുറത്ത് കൈ കൊണ്ട് അടിച്ചും ഒന്നാം സാക്ഷിക്ക് പരിക്കേറ്റതിനാൽ ഈ കേസിലെ പ്രതികൾ 323, 341,294 (b),34 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുള്ളതാണ്.

2. ആയതിൽ ഇരിക്കൂർ പോലീസ് ക്രൈം 1182/2023 നമ്പറായി Section 341,323,294(b),34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കോടതി മുമ്പാകെ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്, ആയതിൽ ഈ കോടതി cognizance എടുത്തിട്ടുള്ളതാണ്. ആയതിന് ശേഷം ഈ കേസിലെ പ്രതികൾക്ക് സമൻസ് അയച്ചിട്ടുള്ളതാണ്.

3. ഈ കേസിലെ പ്രതികൾ വക്കീൽ മുഖാന്തരം കോടതി മുമ്പാകെ ഹാജരായിട്ടുള്ളതും പ്രതികൾ ജാമ്യം എടുത്തിട്ടുള്ളതുമാണ്. കോടതി രേഖകളുടെ പകർപ്പുകൾ നൽകിയിട്ടുള്ളതാണ്. ആയതിന് ശേഷം പ്രതികളോട് കുറ്റാരോപണത്തിന്റെ സാരാംശം വായിച്ച് കേൾപ്പിച്ചതിൽ പ്രതികൾ കുറ്റം ചെയ്തിട്ടില്ല എന്ന് കോടതി മുമ്പാകെ അറിയിച്ചതിനാൽ , ഈ കേസിലെ സാക്ഷികൾക്ക് സമൻസ് അയച്ചിട്ടുള്ളതാണ്

4. ഈ കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 8 സാക്ഷികളുടെ പട്ടിക തന്നിട്ടുള്ളതും ആയതിൽ 7 സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം തെളിവിന് ശേഷം ഈ കേസ് പ്രതികളുടെ Section 313 The Code of Criminal Procedure, 1973 അനുശാസിക്കുന്ന എക്സാമിനേഷന് വെച്ചിട്ടുള്ളതും ഈ കേസിലെ പ്രതികൾ തങ്ങൾ യാതൊരു കുറ്റവും ചെയ്തിട്ടില്ല, നിരപരാധികളാണ്. കെട്ടിച്ചമച്ചുണ്ടാക്കിയ കേസാണെന്ന് കോടതി മുമ്പാകെ അറിയിച്ചിട്ടുള്ളതാണ്. ആയതിന് ശേഷം ഈ കേസിലെ പ്രതികൾ ഭാഗത്ത് നിന്നും തെളിവുകളൊന്നും ഇല്ല എന്ന് അറിയിച്ചതിനെ തുടർന്ന് മേൽ നമ്പർ കേസ് ഹിയറിംഗിന് വെച്ചിട്ടുള്ളതാണ്

5. ഇരുഭാഗവും കേട്ടു. രേഖകൾ പരിശോധിച്ചു.

6. താഴെപ്പറയും പ്രകാരം തർക്കവിഷയങ്ങൾ ഈ കേസിൽ പരിഗണനയ്ക്ക് വരുന്നതാണ്

1) 15. 12. 2023 തീയതി വൈകിട്ട്, 6.15 മണിക്ക് പടിയൂർ അംശം, മാങ്കുഴി, നാത്താൻപടി എന്ന സ്ഥലത്ത് റോഡരികിൽ വെച്ച് ഈ കേസിലെ ഒന്നാം സാക്ഷിയെ ഈ കേസിലെ പ്രതികൾ. അന്യായമായി തടഞ്ഞുവെച്ച് ഈ കേസിലെ പ്രതികൾ Section 341 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ

2)15. 12. 2023 തീയതി വൈകിട്ട്, 6.15 മണിക്ക് പടിയൂർ അംശം, മാങ്കുഴി, നാത്താൻപടി എന്ന സ്ഥലത്ത് റോഡരികിൽ വെച്ച് ഈ കേസിലെ 1-ാം പ്രതി ഈ കേസിലെ ഒന്നാം സാക്ഷിയെ ചീത്ത വിളിച്ച് ഈ കേസിലെ പ്രതികൾ Section 294 (b) IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

3)15. 12. 2023 തീയതി വൈകിട്ട്, 6.15 മണിക്ക് പടിയൂർ അംശം, മാങ്കുഴി, നാത്താൻപടി എന്ന സ്ഥലത്ത് വെച്ച്, പൊതു റോഡിൽ ൽ വെച്ച് 1 മുതൽ 3 കൂടിയ പ്രതികൾ. ഈ കേസിലെ ഒന്നാം സാക്ഷിയെ അടിച്ചും കഴുത്തിന് പിടിച്ചും പുറത്ത് കൈ കൊണ്ട് അടിച്ചും ഒന്നാം സാക്ഷിക്ക് പരിക്കേറ്റ് ഈ കേസിലെ പ്രതികൾ Section 323 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

4). അപ്രകാരമെങ്കിൽ ഉചിതമായ ശിക്ഷ എന്താണ്?

7. ഈ കേസിലെ തെളിവുകൾ വിശകലനം ചെയ്യുമ്പോൾ ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി സംഭവമുണ്ടായത് 15.12.23-നാണ് എന്നും വൈകിട്ട് 6.30 മണിക്കാണ് എന്നും. ഓട്ടോ ഓടിക്കുകയായിരുന്നു എന്നും, പ്രഭാകരൻ എന്നയാളുടെ ഓട്ടം പോയിരിക്കുകയായിരുന്നു എന്നും, നാത്താൻപടി എന്ന സ്ഥലത്ത് എത്തിയപ്പോഴേക്കും വണ്ടി ഓഫായി , വണ്ടി സൈഡാക്കി ഇറങ്ങിയെന്നും പ്രഭാകരൻ കല്യാണ വീട്ടിലേക്ക് പോയെന്നും. ഞാൻ പുറത്തിറങ്ങിയപ്പോൾ ഒരു കാർ വന്ന് നിർത്തിയിട്ട് പൂറി മോനെ എന്ന് ഷിബു പറഞ്ഞു എന്നും ഞാൻ വണ്ടി ഓഫായതാണ് കാറിന് പോകുവാൻ സ്ഥലമുണ്ട്

എന്ന് പറഞ്ഞപ്പോൾ അനീഷ് എന്നയാളെ എന്റെ കഴുത്തിന് കുത്തിപ്പിടിച്ചു. വണ്ടിയെടുത്ത് മാറ്റെടാ എന്ന് പറഞ്ഞു, ഷിബു മുഖത്തടിച്ചു, നിഖിൽ കൈ കൊണ്ടാണ് പുറത്തടിച്ചത്. എന്നെ ഉപദ്രവിച്ച 3 ആളുകളും ഇന്ന് കോടതിയിൽ ഉണ്ട്. അവർ 3 പേരെയും കണ്ടാൽ തിരിച്ചറിയാമെന്നും പറഞ്ഞിട്ടുള്ളതാണ് ഈ കേസിലെ 3 പ്രതികളെയും ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി തിരിച്ചറിഞ്ഞിട്ടുള്ളതാണ്. അന്നേദിവസം ഇരിട്ടി ആസ്പത്രിയിൽ പോയി. വേദന ഉള്ളതുകൊണ്ട്, ENT Doctor നെ കാണാൻ പറഞ്ഞു, പിറ്റേ ദിവസം ENT ഡോക്ടറെ കാണാൻ പരിയാരം മെഡിക്കൽ കോളേജിൽ പോയി എന്നും മൊഴി തന്നിട്ടുള്ളതാണ്. എതിർവിസ്താരത്തിൽ ഞാനും പ്രതികളും മാത്രമേ സ്ഥലത്തുണ്ടായിരുന്നുള്ളൂ എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. പരിയാരം മെഡിക്കൽ കോളേജിൽ വെച്ച് പരിശോധിച്ച ഡോക്ടറോട് പറഞ്ഞു കൊടുത്തിരുന്നില്ല, ഇരിട്ടി വെച്ച് പരിശോധിച്ച ഡോക്ടറിനോട് മുഖത്തടിച്ചിരുന്നു എന്നും ആക്രമിച്ച 3 പേരുടെയും പേരുകൾ പറഞ്ഞു കൊടുത്തിരുന്നു. എൻഡോസ്കോപ്പി ചെയ്തു, തൊണ്ടയ്ക്ക് INJURY ഉണ്ട് എന്ന് ഡോക്ടർ പറഞ്ഞു എന്ന് മൊഴി തന്നിട്ടുള്ളതാണ്. പരിയാരം മെഡിക്കൽ കോളേജിലെ ചികിത്സയെ സംബന്ധിച്ച് യാതൊരു രേഖയും അന്വേഷണ ഉദ്യോഗസ്ഥന് ഹാജരാക്കി കൊടുത്തിട്ടില്ല.

8. പ്രോസിക്യൂഷൻ ഭാഗം രണ്ടാം സാക്ഷി, ദൃക്സാക്ഷിയാണ്. പ്രോസിക്യൂഷൻ ഭാഗം 2-ാം സാക്ഷി പ്രോസിക്യൂഷൻ, ആരോപിക്കും പ്രകാരം ഒരു സംഭവം കണ്ടിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി

മുഖാന്തരം സീൻ മഹസർ മാർക്ക് ചെയ്തിട്ടുള്ളതാണ്. പ്രോസിക്യൂഷൻ 4-ാം സാക്ഷി ഡോക്ടർ, വിദ്യ എന്നിവരുടെ മൊഴി പ്രകാരം. 15.12.2023 തീയതി വൈകിട്ട് 8.15 മണിക്ക്. രാജീവൻ എന്ന ആളെ പരിശോധിച്ചിരുന്നു. ടിയാൻ 15 12 23 തീയതി വൈകിട്ട് 6 മണിക്ക് മാങ്കുഴി എന്ന സ്ഥലത്ത് അനീഷ്, ഷിബു ,പിന്നെ കണ്ടാൽ അറിയാവുന്ന ഒരാളും ചേർന്ന് അടിച്ചു എന്ന് മൊഴി തന്നിട്ടുള്ളതാണ്. കഴുത്തിൽ പിടിച്ച് ഞെക്കി എന്നും മൊഴി തന്നിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിക്ക് പുറമേ കാണത്തക്ക രീതിയിൽ യാതൊരു പരിക്കുകളുമില്ല എന്ന് ഡോക്ടർ മൊഴി തന്നിട്ടുള്ളതാണ്.

9. പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷി, മൊഴി രേഖപ്പെടുത്തി. പരാതിക്കാരന്റെ മൊഴി രേഖപ്പെടുത്തി FIR രജിസ്റ്റർ ചെയ്തു. പോലീസ് ഉദ്യോഗസ്ഥയാണ് പ്രോസിക്യൂഷൻ ഭാഗം ആറാം സാക്ഷിയാണ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. ടിയാൻ തന്റെ കീഴ് ഉദ്യോഗസ്ഥനായ പ്രിയേഷ് എന്നിവർ നടത്തിയ അന്വേഷണം വെരിഫൈ ചെയ്തു, കുറ്റപത്രം കോടതി മുമ്പാക സമർപ്പിച്ചു എന്ന് മൊഴി തന്നിട്ടുള്ളതാണ് പരിയാരം മെഡിക്കൽ കോളേജിൽ പരാതിക്കാരൻ ഡോക്ടറെ കാണിച്ച രേഖകളെ സംബന്ധിച്ച്. അന്വേഷിക്കുവാൻ കീഴുദ്യോഗസ്ഥനായ പ്രിയേഷ് എന്നിവർക്ക് നിർദ്ദേശം കൊടുത്തിട്ടില്ല എന്നും മൊഴി തന്നിട്ടുള്ളതാണ്. ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനായ PW 7 പ്രിയേഷ് എന്നിവർ ഈ കേസിലെ പരാതിക്കാരൻ ഫസ്റ്റ് ഇൻഫോർമേഷൻ സ്റ്റേറ്റ്മെന്റിൽ പരിയാരം മെഡിക്കൽ കോളേജിൽ ഞാൻ പോയി ഡോക്ടറെ

കണ്ടിരുന്നു എന്ന് മൊഴി തന്നിരുന്നു എന്നും അപ്രകാരം ഞാൻ രേഖ ആവശ്യപ്പെട്ടു എന്നും. അപ്രകാരം പരിയാരം മെഡിക്കൽ കോളേജിൽ കാണിച്ച യാതൊരു രേഖയും ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി. തന്റെ മുൻപാകെ ഹാജരാക്കിയിട്ടില്ല എന്നും മൊഴി തന്നിട്ടുള്ളതാണ്.

10. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി James Jose v. State Of Kerala 2019 3 KLT 415 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. In order to secure a conviction, the provisions of Section 294 of IPC require two particulars to be proved by the prosecution, namely (i) the offender has done any obscene act in any public place or has sung, recited or uttered any obscene song or word in or near any public place; and (ii) has so caused annoyance to others. If the act is not obscene, or is not done in any public place, or the song recited or uttered in or near any public place or that it causes no annoyance to others, no offence is committed.

ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി തന്നെ അപ്രകാരം സംഭവസ്ഥലത്ത് യാത് വേറെ ആരും ഇല്ല എന്ന് സമ്മതിച്ചിട്ടുള്ളതിനാൽ Section 294(b), IPC പ്രകാരം, ശിക്ഷാർഹമായ കുറ്റം നിലനിൽക്കത്തക്കതല്ല

11. ബഹുമാനപ്പെട്ട സുപ്രീം കോടതി Vadivelu Thevar: Chinniah Servai vs State Of Madras - 1957 Supreme(SC) 42 , AIR 1957 SC 614 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്.

Hence, in our opinion, it is a sound and well-established rule of law that the court is concerned with the quality and not with the quantity of the evidence necessary for proving or disproving a fact. Generally speaking, oral testimony in this context may be classified into three categories, namely:

(1) Wholly reliable.

(2) Wholly unreliable.

(3) Neither wholly reliable nor wholly unreliable.

12. In the first category of proof, the court should have no difficulty in coming to its conclusion either way - it may convict or may acquit on the testimony of a single witness, if it is found to be above reproach or suspicion of interestedness, incompetence or subornation. In the second category, the court equally has no difficulty in coming to its conclusion. It is in the third category of cases, that the court has to be circumspect and has to look for corroboration in material particulars by reliable testimony, direct or

circumstantial. There is another danger in insisting on plurality of witnesses. Irrespective of the quality of the oral evidence of a single witness, if courts were to insist on plurality of witnesses in proof of any fact, they will be indirectly encouraging subornation of witnesses. Situations may arise and do arise where only a single person is available to give evidence in support of a disputed fact. The court naturally has to weigh carefully such a testimony and if it is satisfied that the evidence is reliable and free from all taints which tend to render oral testimony open to suspicion, it becomes its duty to act upon such testimony.

13. ഇവിടെ പ്രോസിക്യൂഷൻ ഭാഗത്ത് നിന്നുമുള്ള തെളിവുകൾ മൊത്തത്തിൽ പരിശോധിക്കുമ്പോൾ. പ്രോസിക്യൂഷൻ കേസിന് അനുസൃതമായി മൊഴി തന്നിട്ടുള്ളത് പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി മാത്രമാണ്. ടിയാന്റെ മൊഴി വിശകലനം ചെയ്യുമ്പോൾ. ടിയാൻ തന്നെ ഷിബു "പട്ടി പൂറി മോനെ " എന്ന് വിളിച്ചു എന്നും അനീഷ് എന്നയാൾ കഴുത്തിനു കുത്തിപ്പിടിച്ച് വണ്ടി മാറ്റെടാ എന്ന് പറഞ്ഞു എന്നും ഷിബു മുഖത്തടിച്ചു എന്നും നിഖിൽ കൈകൊണ്ട് പുറത്തടിച്ചു എന്നും മൊഴി തന്നിട്ടുള്ളതും ഈ കേസിന് എല്ലാ പ്രതികളെയും ഈ കോടതിയിൽ യഥാവിധി തിരിച്ചറിഞ്ഞിട്ടുള്ളതും ആണ്. എതിർവിസ്താരത്തിൽ സംഭവം മറ്റാരും കണ്ടിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. ഞാനും പ്രതികളും മാത്രമേ സംഭവസ്ഥലത്ത് ഉണ്ടായിരുന്നുള്ളൂ, വേറെ ആരും ഉണ്ടായിരുന്നില്ല എന്നും മൊഴി തന്നിട്ടുള്ളതാണ്.

പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി പരിശോധിക്കുമ്പോൾ ടിയാൻ ഇരിട്ടിയിൽ. ആശുപത്രിയിൽ പോയി എന്ന് പറഞ്ഞിട്ടുള്ളതാണ്. ആയത് സാധൂകരിക്കുന്നതാണ്. ഡോക്ടറുടെ മൊഴിയും. ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റും ഉള്ളതാണ്, എന്നാൽ ഇവിടെ ടിയാൻ. പരിയാരം മെഡിക്കൽ കോളജിൽ പോയി എന്നും. മൊഴി തന്നിട്ടുള്ളതാണ് അപ്രകാരം തന്നെ എതിർവിസ്താരത്തിൽ 13-ാം പേജിൽ എൻഡോസ്കോപ്പി ചെയ്തു. എന്നും തൊണ്ടയ്ക്ക് INJURY ഉണ്ട് എന്ന് ഡോക്ടർ പറഞ്ഞു എന്നും മൊഴി തന്നിട്ടുള്ളതാണ്. ഇവിടെ അപ്രകാരം പരിയാരം മെഡിക്കൽ കോളേജിന് മുമ്പാകെ ചികിത്സ തേടി എന്നതിനോ തൊണ്ടയ്ക്ക് INJURY ഉണ്ട് എന്നതിനോ ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി എൻഡോസ്കോപ്പി എടുത്തു എന്നതിനോ സംബന്ധിച്ച് യാതൊരു തെളിവും ഈ കോടതി മുമ്പാകെ വന്നിട്ടില്ലാത്തതാണ്. ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി Neither wholly reliable nor wholly unreliable.ആണ്

14. ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ മൊഴി പ്രകാരം ടിയാൻ അപ്രകാരമുള്ള രേഖകൾ ആവശ്യപ്പെട്ടിട്ടുള്ളതാണ്, എന്നിട്ടും അപ്രകാരമുള്ളൊരു രേഖ ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി ഹാജരാക്കിയിട്ടില്ലാത്തതാണ്. ഇവിടെ മെഡിക്കൽ എവിഡൻസ് വിശകലനം ചെയ്യുമ്പോൾ. പ്രോസിക്യൂഷൻ ഭാഗം നാലാം സാക്ഷി ഡോക്ടറുടെ മൊഴിയും

മെഡിക്കൽ സർട്ടിഫിക്കറ്റും പ്രകാരം 15 12 23 തീയതി രാജീവൻ എന്നയാളെ രാത്രി 8 മണിക്ക് പരിശോധിച്ചു എന്നും ടിയാൻ തൊണ്ടവേദന ഉണ്ട് എന്ന് പറഞ്ഞു എന്നും ടിയാനെ 3 പേർ ചേർന്ന് മർദ്ദിച്ചു എന്നും അനീഷ് ഷിബു കണ്ടാലറിയാവുന്ന ഒരാളും കൂടി, ഉണ്ട് എന്ന് PW 4 നോട് പറഞ്ഞു എന്നും മാത്രമേ കോടതി മുൻപാകെ വെളിവാകുന്നുള്ളൂ ഇവിടെ. മെഡിക്കൽ എവിഡൻസിൽ നിന്നും ഈ കേസിലെ പരാതിക്കാരന്. പരിക്ക് പറ്റിയതായും യാതൊന്നും തന്നെ കോടതി മുൻപാകെ വന്നിട്ടില്ലാത്തതാണ്. Ext. P3, മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം no external injuries എന്ന് പ്രതിപാദിച്ചിട്ടുള്ളതാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി പ്രോസിക്യൂഷൻ ഭാഗം രണ്ടാം സാക്ഷി കോറോബോറേറ്റ് ചെയ്തിട്ടില്ലാത്തതാണ്. Ext. P3. കൊണ്ടോ, പ്രോസിക്യൂഷൻ ഭാഗം 4-ാം സാക്ഷിയായ ഡോക്ടറുടെ മൊഴി കൊണ്ടോ corroborate ചെയ്യപ്പെട്ടിട്ടില്ല. ഇവിടെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷിയുടെ മൊഴി Neither wholly reliable nor wholly unreliable ആണ്. ആയതുകൊണ്ട് മേൽ നമ്പർ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സക്ഷിയുടെ മൊഴി corroborate ചെയ്യപ്പെട്ടിട്ടില്ല. ഇവിടെ മെഡിക്കൽ എവിഡൻസ് കൊണ്ട് ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം 1-ാം സാക്ഷിക്ക് യാതൊരു പരിക്കും പറ്റിയിട്ടില്ല എന്ന് കാണാവുന്നതാണ്. ഇവിടെ പ്രോസക്യൂഷൻ ഭാഗം 1-ാം സാക്ഷിയുടെ മൊഴി, ബാക്കിയുള്ള മൊത്തം തെളിവുകൾ വച്ച് ശരി ആയി. corroborate ചെയ്തിട്ടില്ലാത്തതാണ്.ആയതുകൊണ്ട് മേൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളാൽ.

2023 ഡിസംബർ മാസം 15-ാം തീയതി വൈകുന്നേരം 6.15 മണിക്ക് പടിയൂർ അംശം, മാങ്കുഴി, നാത്താൻപടി എന്ന സ്ഥലത്ത് റോഡരികിൽ വെച്ച് ഒന്നാം സാക്ഷി ടിയാന്റെ KL 58 T 69 92 നമ്പർ ഓട്ടോറിക്ഷയിൽ കല്യാണ വീട്ടിലേക്ക് ട്രിപ്പ് പോകവേ വാഹനം കേടായതിനാൽ നിർത്തി, പുറത്തിറങ്ങി തകരാർ പരിശോധിക്കവേ, അതു വഴി കാറിൽ വന്ന 1 മുതൽ 3 കൂടിയ പ്രതികൾ വാഹനം റോഡിൽ നിർത്തിയതിലുള്ള വിരോധം വെച്ച് 1-ാം പ്രതി "പട്ടി പൂറി മോനെ "എന്ന് ചീത്ത വിളിച്ചു കൊണ്ട് മുഖത്ത് കൈകൊണ്ട് അടിച്ചും, രണ്ടാം പ്രതി കഴുത്തിന് പിടിച്ച് തടഞ്ഞു നിർത്തിയും, മൂന്നാം പ്രതി പുറത്ത് കൈ കൊണ്ട് അടിച്ചും ഒന്നാം സാക്ഷിക്ക് പരിക്കേറ്റതിനാൽ ഈ കേസിലെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 323, 341,294 (b),34 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുള്ളതാണ് എന്ന് സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു. ആയതുകൊണ്ട് തർക്കവിഷയം 1, 2 ,3 എന്നിവ ഈ കേസിലെ പ്രോസിക്യൂഷനെതിരെ ഈ കോടതി കാണുന്നു.

15. ഈ കേസിലെ തർക്കവിഷയങ്ങൾ 1, 2, 3 എന്നിവ പ്രോസിക്യൂഷനെതിരെ കണ്ടതിനാൽ , ഈ കേസിലെ പ്രതികളെ 255, (1) The Code of Criminal Procedure 1973 പ്രകാരം വെറുതെ വിട്ട് ഈ കോടതി ഇതിനാൽ ഉത്തരവാകുന്നു. ഈ കേസിലെ പ്രതികളുടെ ജാമ്യ ബോണ്ടുകൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

Sd/-

**ന്യായാധികാരി**

**അനുബന്ധം :-**

**പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ**

പ്രോസിക്യൂഷൻ സാക്ഷി 1:-രാജീവൻ ( പരാതിക്കാരൻ )

പ്രോസിക്യൂഷൻ സാക്ഷി 2:-പ്രഭാകരൻ (ദൃക്സാക്ഷി )

പ്രോസിക്യൂഷൻ സാക്ഷി 3:-ജനാർദ്ദനൻ (മഹസർ സാക്ഷി )

പ്രോസിക്യൂഷൻ സാക്ഷി 4:-ഡോക്ടർ വിദ്യ പി (Junior Consultant at Taluk Hospital, Iritty)

പ്രോസിക്യൂഷൻ സാക്ഷി 5:-അജിത എം , (G.ASI ,Irikkur Police Station)

പ്രോസിക്യൂഷൻ സാക്ഷി 6:- മുഹമ്മദ് നജ്മി (S.I, Irikkur Police Station)

പ്രോസിക്യൂഷൻ സാക്ഷി 7:-പ്രിയേഷ് കെ (SCPO, Irikkur Police Station)

**പ്രോസിക്യൂഷൻ രേഖവിവരം:-**

P1:- FIS PW 1 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 26.06.2025)

P2:- സീൻ മഹസർ PW 3 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 25.09..2025)

P3:- Accident/Wound certificate PW 4 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 30.10.2025)

P4:- FIR PW 5 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 20.01.2026)

P5:- 41 A Cr.P.c notice PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 12.03.2026)

P5 (a):- 41 A Cr.P.c notice PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 12.03.2026)

P5 (b):- 41 A Cr.P.c notice PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 12.03.2026)

P6:- Address adding report PW 7 മുഖാന്തരം മാർക്ക് ചെയ്തു (തീയ്യതി 12.03.2026)

**പ്രതിഭാഗം സാക്ഷികൾ** :- ഇല്ല

**പ്രതിഭാഗം രേഖാവിവരം** :- ഇല്ല

**മുദ്രണം ചെയ്യപ്പെട്ട തൊണ്ടി മുതലുകൾ** :- ഇല്ല

//True copy//

**ന്യായാധികാരി**